# ഭ്രാന്തൻ

ജി. അപ്പുകുട്ടൻ, I.U.C.

—ജീവിതാശകൾ നീറിപ്പുകഞ്ഞുവെണ്ണീറായ—
പാവമാണവൻ ഭ്രാന്തനല്ല; ഞാൻ ചൊല്ലീടുന്നു.
മനുഷ്യൻ നിയതിതൻ നീക്കത്തിൽ മുങ്ങിച്ചാടി—
ക്കരകാണാതെ കണ്ണു പുകഞ്ഞു ജീവിക്കുന്നു.
പാവമാണവൻ ചൊല്ലാമവന്റെ പിൻഭാഗങ്ങൾ
പാവനമായിട്ടുള്ളതായിടാം മനുജരേ!
സന്തതംകഷ്ടപ്പെട്ടു പ്രപഞ്ചചക്രത്തിങ്കൽ
നെഞ്ചിടിപ്പോടെ കണ്ണീർകളോടെ വാഴുന്നവൻ.

അവൻതൻ കണ്ഠനാളമുതിർത്ത ഗാനസ്വനം
കവിതൻ ഹൃന്തത്തിൽ മുള്ളുകൾ തറപ്പിച്ചു.
മെത്തമേൽ പാഞ്ഞുവലിഞ്ഞുറങ്ങുന്നവർക്കാവി—
ല്ലുൾക്കൊള്ളാൻ കുടിലിന്റെ ഹൃദയത്തുടിപ്പുകൾ.
ജീവിതപ്പോരിൽ പുകഞ്ഞൊന്നായുണർന്നോരുല്ലകം
കാഹളമാണാഗാനം ജീവിതപ്പടക്കുന്നിൽ.
"സോദരാ! കഥിക്കുന്നു ഞാനെന്റെ മനോദുഃഖം
സാദരം കേൾക്കാൻ ഞാൻ നിൻശ്രദ്ധയെ ക്ഷണിക്കുന്നു".

ഭ്രാന്തനല്ലവൻ—, വിധിഭ്രാന്തിയാലുഴിഞ്ഞിട്ടു—
ശാന്തിയററവൻ, സുഖചിന്തകൻ, സുമോഹനൻ.
ജീവിതാശകൾ നീറിപ്പുകഞ്ഞുവെണ്ണീറായ—
പാവമാണവൻ, ഭ്രാന്തനല്ല; ഞാൻ ചൊല്ലീടുന്നു.

# കടൽക്കരയിലെ സന്ധ്യ *

സി. അനന്തൻ, II U. C.

ഈറനുമുടുത്തമ്പലത്തിലാസ്തിക്യം, തള്ളി–
ക്കേറിയ കരളുമായ് നില്ക്കുന്ന മുഗ്ദ്ധാംഗിപോൽ
ദിവ്യനാംസൂര്യൻ തിരുവടിയിൽ മിഴിനട്ടു
നിർവേദപൂർവം പശ്ചിമാംബരം നിലകൊൾകെ
കണ്ടു ഞാനവളുടെ ഫാലത്തിൽ ചാമീകര
വർണ്ണരേഖകൾ; പകലേകിയ സമ്മാനങ്ങൾ!
നീലവാരിധിയാം ഭണ്ഡാരത്തിലൊരു സ്വർണ്ണ–
ത്താലിവെക്കുവാൻ, നേര, മൗൽസുക്യം കാണിക്കവെ
അകലത്തലകൾ തൻ കൈനീട്ടിത്തിരക്കുന്നു
പകലിൻപരിണാമരമ്യതമുകരുവാൻ
എരിവെയ്‌ലിനാൽ ചുട്ടുനീറിയ മണൽത്തട്ടിൽ–
കരളിൽ കുളിരേററാൻ തിരകളുരുളുമ്പോൾ
ഉൾപ്പുളകിതയായി നില്പൂയാണരികത്തു
കൽപകവൃക്ഷങ്ങളാൽ ധന്യയായ്തീർന്നോരുർവി.
അന്തിതൻ ദല്ലാളരായ് തീർന്നതാം നിമേഷങ്ങൾ
ചിന്തിയ പകലിന്റെ ഹൃദ്‌രക്തം തുടയ്ക്കുവാൻ
തൂവെള്ളത്തൂവ്വാലയുമേന്തിയാഗമിക്കുന്നു
ദ്യോവിലൂടതിവേഗം, മേഘമാം പണിയാളർ.
ഇന്നലെയുടെ ശവക്കുഴിതൻ പണിതീർത്തു
വന്നവരാണാച്ചെമ്പൻ മേഘപാളികളെല്ലാം
അല്ലെങ്കി,ലൊരുനല്ല 'നാളെ'ക്കു വേണ്ടുംമഴ–
വില്ലുനിർമ്മിക്കാൻ വന്ന ശില്പികളവരാകാം.
കവി ഞാൻ, സായന്തനകാന്തിയാവോളം മോന്തി–
കവിയും പ്രമാദത്താൽ നിന്നവിണ്ണിനെക്കാൺകെ,
പിന്നെയും നിനയ്ക്കുകയാണ് ഞാൻ മനുഷ്യനു
മന്നിതിൽ കഴിവുണ്ടോ പ്രകൃതികതീതമായ്
അർദ്ധനഗ്നകളായ പെൺകൊടിമാരെപ്പോലെ
തൈതെങ്ങിൻ കൂട്ടം കൊച്ചുതെന്നലേററാനന്ദിക്കെ,
പോക്കുവെയ്‌ലിന്റെ കയ്യാലവർതൻ കപോലത്തിൽ
ചേർക്കുന്ന സൽസിന്ദൂരവർണ്ണമൊന്നീക്ഷിക്കുമ്പോൾ
പാറിടാറുണ്ടെന്നുള്ളമിപ്പൊഴും, മധുരിമ–
സ്ഫുരന്ന ഭൂതത്തിന്റെ പൂവനികയെ ചുററി.
രാക്ഷവേലക്കാരനാം നിമിഷം, "നാളെ"യുടെ
താക്കോലുനിർമ്മിക്കുന്നു, സന്ധ്യതൻ കൂടാരത്തിൽ
വിണ്ടലമാം കല്ലിന്മേ,ലാരാക്കുപൊടിചിന്നി
കണ്ടുഞാൻ തിളങ്ങുന്ന താരതൻ കണ്ണിൽക്കൂടി.

---

ാഷ്ടികോത്സവത്തോടനുബന്ധിച്ചു നടത്തിയ മലയാള കവി
ാനാർഹമായതു്.

# മാനസാന്തരം

എൻ. കെ. എൻ. മേനോൻ.

(കേക)

## I

അത്തിരുവോണം വീണ്ടുംവന്നു; 'തങ്ക'ത്തിൻറന്ത–
ഷ്ക്കുദംത്തരിപ്പേകാൻ സ്മൃതിവിട്ട കിങ്കരൻപോലെ.
പുകഴും പൊന്നോണത്തിൻ ജയകാഹളംപോല–
പ്പുലർവായുവിൽപ്പൊങ്ങും പൂവിളിക്കോലാഹലം
ങ്കൃശാംഗിയാം തൻറ കണ്ണത്തിന്നരുംതുദ–
പ്തനാരാചംപോലെ ദുസ്സഹമായിത്തോന്നി.
ൽഗദത്തൊടെയിടനെഞ്ഞുപൊട്ടിയ,മുള്ളിൽ
ിങ്ങുമൂടംക്കടെതാപം നിശ്വസിച്ചൊതുക്കിയും,
പതുക്കെയെഴുന്നേററ് ശോകത്തിൻ കരിനിഴൽ
കണക്കെ നടക്കയായവൾ, താനറിയാതെ.

## II

ാരോളം വലിപ്പത്തിൽ വളരും നിജമണി
ാളികവിട്ടേതാണ്ട് വിളിപ്പാടകലത്തിൽ
പാഴ്മരങ്ങളാൽ ചൂഴും പറമ്പിൻനടുവിലാ–
യാത്തിതന്നാഗാരംപോലുണ്ടൊരു പുലക്കുടി.
അവിടേയ്ക്കാണീത്തന്വിയിറങ്ങി നടകൊണ്ട–
തുലാവേഗം മാത്രം മുമ്പുകമ്പടിയായി.

## III

അകലെ 'തമ്പ്രാട്ടി'തൻ വരവാത്തിരുവോണ–
പ്പുലർവേളയിൽക്കണ്ടാപ്പുലയക്കുടിയിങ്കൽ
ാക്കിടാങ്ങളെപ്പോലെ മുററത്തുകളിച്ചാർത്ത്'
ുക്കിനിന്നൊരച്ചെറ'ചെറമക്കൾ' തൻമക്കൾ
സ്തബ്ധചിത്തരായ്വെറും ചളിയാൽപ്പണിതീർത്ത–
ളികന്മാരെപ്പോലെ നിന്നുനിശ്ചലരായി.

## IV

പുരതൻ ചാരത്തുവന്നെത്തിയവാറസ്സാധ്വി–
യറിയാതെ തൻകണ്ണൊന്നയഞ്ഞു തെക്കോട്ടേക്ക്
അവിടെ'ത്തങ്ക'ത്തിൻറ ഭൗതികാവശിഷ്ടങ്ങൾ
കൂമിയായ്മണ്ണിൽച്ചേർന്നു കഴിഞ്ഞാപ്രദേശത്ത്
തനിയെയിരിക്കുന്നുണ്ടൊരുവൾ, കരൾനൊന്തു
പറഞ്ഞിടുന്നുണ്ടെന്തോ, കേഴുന്നുണ്ടിടയ്ക്കിടെ.
ഇവളെസ്സംഭാവനം ചെയ്യുവാനത്രെ വന്ന–
തഴിയും മനസ്സോടെ കഴിയും മനസ്വിനി.

## V

അന്നൊരോണത്തുംനാളി'ക്കാളി'തങ്കവുമായി
പ്പൂവിറുത്തൊരുമിച്ചുമേളിച്ചു കളിക്കയാൽ
അയിത്തപ്പിശാചിൻറ കോമരംപോലെതുള്ളി
ക്കയെത്താപ്പാവത്തിനെത്താഡിച്ചുതാൻ പായിച്ചു.
അന്നറിഞ്ഞീല സ്നേഹദീധിതിപ്രകരത്തിൻ–
പ്രസരത്തിന്നിത്രക്കുണ്ടെന്ന പരമാർത്ഥം.

## VI

കഴിഞ്ഞു ചിലനല്ലനാളുകൾ ക്ഷണംപോലെ
വഴിയെവന്നു വിധിദുർവ്വിപാകത്തിൻഗതി
ബാന്ധവർക്കെല്ലാം തനിത്തങ്കമാം 'തങ്ക'ത്തിൻറ
ഭൗതികകളേബരപഞ്ജരമാരാൽ വിട്ട്
പതുക്കെ മേൽപ്പോട്ടേക്കു സാമഗാനവുംപാടി
പ്പറന്നുനിജപ്രാണമാരുതവിഹംഗമം.
മരിച്ചാലെന്താത്തങ്ക,മമ്മതൻ മനക്കാമ്പിൽ
വിളക്കീസമത്വത്തിൻ ശാശ്വതമരീചികൾ.

# വേർപാടിൽ

പി. കെ. പത്മനാഭൻ, II U. C; II Gr.

മോദദായകമാണു പണ്ടെനിക്കെ,ന്നാലിന്നു
വേദനവളർത്തുന്നു, നിൻനാമം 'വിലാസിനി!'
ഭീകരനിരാശതൻ സന്താനമാമാദുഃഖ
ഭാരമാണെനിക്കതിന്നകമ്പു; പരമാർത്ഥം.
പണ്ടെനിക്കതെൻ ജീവിതോത്സവമണിനാദം;
വിണ്ടലമരുളീടും മംഗളാശംസാസാരം;
പാവനം പ്രേമത്തിൻഹൃത്തുകൾക്കുളിരേകുംപോലെ—
മോഹനഗാനം; മണിവീണതൻ മൃദുസ്വനം.
അന്നതെൻ ഹൃദന്തത്തിന്നാനന്ദമഹാമന്ത്രം;
ഇന്നു വേർപാടിൻചൂടിന്നക്രമപ്രഖ്യാപനം!
സുന്ദരസ്വപ്നം വിരിയിക്കുമാവാസന്തത്തിൽ
കുന്ദസഞ്ചയത്തിലെ പൂങ്കുയിൽഗ്ഗീതംപോലെ
പണ്ടെനിക്കതെൻകാതി;ലിന്നോർമ്മയേകും തപ്ത—
ചിന്തചേർന്നലിഞ്ഞുള്ള ശോകൈകഗീതം; ഭദ്രേ!
നിസ്തുലം യാഥാർത്ഥ്യമാം പ്രണയം; വിരഹത്തിൽ,
വാസ്തവം ദയനീയമത്രയല്ലൊന്നും വേറെ.
മോഹനസംഗീതമല്ലിന്നെനിക്കു നിൻനാമം
വേദനാത്മകം സ്വരം ചിന്തചിന്നീടും ശബ്ദം.